**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1719 21.01.2014-ൽ മറുപടിയ്ക്ക്**

'ആശ്രയ' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് കെപ്കോ, 'ആശ്രയ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ; | എ),<br>ബി)&<br>സി) | ഉണ്ട്. കേരളത്തിലെ മുഴുവൻ വിധവകൾക്കും, അശരണരായ സ്ത്രീകൾക്കും മാരക രോഗങ്ങൾ ബാധിച്ച ജോലിയെടുക്കാൻ സാധിക്കാത്തവർക്കും 10 കോഴിയും, 10 കിലോ കോഴി തീറ്റയും, 25 രൂപയുടെ മരുന്നും വീതം സൗജന്യമായി നൽകുക എന്നതാണ് 'ആശ്രയ ' പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. വിധവകൾക്കും, അശരണർക്കും ഒരു ചെറിയ വരുമാന മാർഗ്ഗം ഉണ്ടാകുന്നതിനും അവരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും വേണ്ടി ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. തെരെഞ്ഞെടുക്കുന്ന പഞ്ചായത്തിൽ ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 16,000 വിധവകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ 17,000 വിധവകൾക്കും അശരണർക്കും കൂടി ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നതാണ്. ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് സാമൂഹിക ക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കി ബന്ധപ്പെട്ട പഞ്ചായത്തിന് അയച്ചുകൊടുക്കുകയും, പഞ്ചായത്ത് കമ്മറ്റി ആ |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ നൽകുമോ; | | |
| സി) | സമൂഹത്തിലെ അശരണരായ വിധവകൾക്കും, മാരകരോഗങ്ങൾ ബാധിച്ച ജോലിയെടുക്കാൻ സാധിക്കാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ലിസ്റ്റ് പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തതിന് ശേഷമാണ് നടപ്പാക്കുന്നത്. |
| ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | 1.2.2013 ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 190/13/ എ .ഡി പ്രകാരം ഇന്റഗ്രേറ്റഡ് പൗൾട്രി പ്രൊഡക്ഷൻ പ്രോഗ്രാം നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിധവകൾക്കും, അശരണർക്കും പൗൾട്രി യൂണിറ്റുകൾ തുടങ്ങുന്നതിന് 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. "ആശ്രയ" എന്ന പേരിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഒന്നാം ഘട്ടത്തിൽ 16,000 പേരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . 7.12.2013 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 2179/13/എ.ഡി പ്രകാരം രണ്ടാം ഘട്ടത്തിൽ 250 ലക്ഷം രൂപ ചെലവിൽ 17,000 പേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

Sreele

സെക്ഷൻ ഓഫീസർ